**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2047** **06-07-2022 - ൽ മറുപടിയ്ക്ക്**

**പ്രോസിക്യൂട്ടർമാരുടെ ഒഴിവുനികത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിജിലൻസ് കോടതികളിലും ട്രൈബ്യൂണലുകളിലും കേസ് നടത്താൻ പ്രോസിക്യൂട്ടർമാർ നിലവിൽ ഇല്ലാഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഒഴിവുകൾ നികത്താൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | നാല് പബ്ലിക് പ്രോസിക്യൂട്ടർമാർക്ക് ലീഗൽ അഡ്വൈസർമാരായി സ്ഥാനക്കയറ്റം നൽകിയതിനെത്തുടർന്ന് പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിൽ നാല് ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത ഒഴിവുകളിൽ പി.എസ്.സി മുഖാന്തിരം സ്ഥിരം നിയമനം നടത്തുന്നതിന് വിശേഷാൽ ചട്ടങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. സ്ഥിരം നിയമനം നടക്കുന്നത് വരെ കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്. കേസ് നടത്തിപ്പിന് ഭംഗം വരാതിരിക്കുവാൻ നിലവിലുള്ള പ്രോസിക്യൂട്ടർമാർക്ക് അധിക ചുമതല നൽകിയിട്ടുമുണ്ട്. |
| (ബി) | സംസ്ഥാനത്തെ നാല് വിജിലൻസ് കോടതികളിൽ വിചാരണ നടത്താൻ പ്രോസിക്യൂട്ടർമാർ ഇല്ലാത്തതിനെത്തുടർന്ന് കേസുകൾ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | കേസുകൾ കെട്ടിക്കിടക്കുന്ന സാഹചര്യം നിലവിലില്ല. |
| (സി) | നാലു കോടതികളിലേക്കായി നാലുപേരെ നിയമിക്കുന്നതിനായി 20 പേരുടെ പട്ടിക തയ്യാറാക്കിയെങ്കിലും സർക്കാരിന്റെ അംഗീകാരം ലഭിക്കാത്തതിനെത്തുടർന്ന് നിയമനം വൈകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | പ്രോസിക്യൂട്ടർമാരുടെ നിലവിലെ നാല് ഒഴിവുകളിലേക്ക് താത്കാലിക നിയമനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ